**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **04-02-2026 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാം, ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്ന രീതിയിൽ നിന്ന് എങ്ങനെയെല്ലാം വ്യത്യസ്തമായിരിക്കുന്നുവെന്ന് വിശദീകരിക്കാമോ; | (എ) | കേരളത്തിലെ നാലുവർഷ ബിരുദ പ്രോഗ്രാം, ദേശീയ വിദ്യാഭ്യാസനയത്തിൽ നിന്നും വ്യത്യസ്തമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാഹചര്യം പരിഗണിച്ച് വിദ്യാർത്ഥികളുടെ സമൂലമായ മുന്നേറ്റം ഉറപ്പുവരുത്തിയാണ് കേരളം നാലുവർഷ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിട്ടുള്ളത്. വിദേശ രാജ്യങ്ങളിലടക്കം നാലുവർഷ ബിരുദ കോഴ്സ് ആണുള്ളത്. കേരളത്തിൽ നിന്ന് ബിരുദമെടുത്ത് വിദശത്തേക്ക് ഉപരിപഠനത്തിനു പോകുന്നവർ വീണ്ടും യു.ജി. പഠിച്ച് ക്രെഡിറ്റ് സമ്പാദിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. അത് ഒഴിവാക്കി വിദ്യാഭ്യാസം ഇവിടെത്തന്നെ സാധ്യമാകുന്ന രീതിയിലുള്ള ലോകോത്തര പരിവർത്തനമാണ് നടപ്പിലാകുന്നത്.<br><br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ ആവശ്യം, താല്പര്യം എന്നിവ പരിഗണിച്ച് ഉചിതമായ ബിരുദം തെരഞ്ഞെടുക്കാനും, ബിരുദ കോമ്പിനേഷനുകൾ താല്പര്യാനുസരണം കണ്ടെത്തി ബിരുദം സ്വയം ഡിസൈൻ ചെയ്യാനുമുള്ള സ്വാതന്ത്ര്യം നൽകുന്നു.<br><br>പുതിയ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി മൂന്നുവർഷ ബിരുദ പ്രോഗ്രാം ഉൾച്ചേർന്നിരിക്കുന്നു. നാലുവർഷം ബിരുദപ്രോഗ്രാമിനു ചേരുന്ന ഏതൊരു വിദ്യാർത്ഥിക്കും മൂന്ന് വർഷത്തിനകം 133 ക്രെഡിറ്റ് ആർജിച്ചാൽ ബിരുദം നേടി പുറത്തിറങ്ങാനും തുടർപഠനത്തിനായി രണ്ടു വർഷ പി. ജി പഠനത്തിന് ചേരാനുമുള്ള സാധ്യതകൾ പഴയപോലെ തന്നെ മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു. NEP |

| | | | |
|---|---|---|---|
| | | | നിഷ്കർഷിക്കുന്ന മൾട്ടിപ്പിൾ എക്സിറ്റ് സമ്പ്രദായം സംസ്ഥാനം ഉപേക്ഷിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്ന വിധത്തിൽ കോഴ്സുകളിൽ ഏത് സമയത്തും പ്രവേശിക്കാൻ അനുവാദം നൽകുന്ന തരത്തിൽ റെഗുലേഷൻ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | യു.ജി.സി. മുന്നോട്ട് വയ്ക്കുന്ന ഇന്ത്യൻ നോളജ് സിസ്റ്റംസ് കോഴ്സിന് ബദലായി സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | നാലുവർഷ ബിരുദത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾ കേരളത്തിലെ നോളഡ്ജ് സിസ്റ്റംസ് പഠിക്കുന്ന ഒരു സാഹചര്യം ഉണ്ടാവണം എന്നതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ കേരള നോളഡ്ജ് സിസ്റ്റംസ് എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കലാരൂപങ്ങൾ, സാംസ്കാരിക രീതികൾ, വാമൊഴി ആഖ്യാനങ്ങൾ, ലിഖിത ഗ്രന്ഥങ്ങളിൽ ക്രോഡീകരിച്ചവ എന്നിവയിൽ ഉൾച്ചേർന്ന വ്യക്തമായ അറിവ് ഈ പുസ്തകം പരിചയപ്പെടുത്തുന്നു. ഒമ്പത് തീമാറ്റിക് മൊഡ്യൂളുകൾ ഉൾക്കൊള്ളുന്ന ഈ പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാക്കിയിരിക്കുന്നു.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ (FYUGP) മൂന്നാം സെമസ്റ്ററിൽ കേരള നോളഡ്ജ് സിസ്റ്റംസിന്റെ ഭാഗമായി നൽകുന്ന മൾട്ടി ഡിസിപ്ലിനറി കോഴ്സുകളുടെ വികസനത്തിനുള്ള ഒരു പ്രധാന ഉറവിടമായിട്ടാണ് ഈ പുസ്തകം നിലവിൽ തയ്യാറാക്കിയിട്ടുള്ളത്. അറിവ്, കഴിവുകൾ, കല, കരകൗശലവസ്തുക്കൾ, വാസ്തുവിദ്യ, മറ്റ് തദ്ദേശിയ വിജ്ഞാന രൂപങ്ങൾ എന്നിവയിലെ കേരളത്തിന്റെ തനതായ പാരമ്പര്യങ്ങളെ ഈ പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>വ്യക്തമായി നിർവചിക്കപ്പെട്ട പഠനഫലങ്ങളും റഫറൻസുകളും ഉള്ള ഒരു കോഴ്സ് എന്ന നിലയിലാണ് ഈ പുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്നതിനാൽ ഈ ഘടകങ്ങൾ സ്വതന്ത്രമായി വികസിപ്പിക്കാൻ പഠന ബോർഡുകൾക്ക് സാധിക്കും.<br><br>നോളഡ്ജ് സിസ്റ്റംസ് ഓഫ് കേരള എന്ന വിഷയത്തെ നിലവിലുള്ള ഒരു വിഷയത്തിന്റെയും ഭാഗമായി കാണാൻ കഴിയുകയില്ല എന്നതിനാൽ പൂർണ്ണമായും പുതിയ ഒരു ഇന്റർ ഡിസിപ്ലിനറി വിഷയമായി പരിഗണിച്ചാണ് ഈ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ഇത് സർവ്വകലാശാലകളിൽ നിലവിലുള്ള ഫാക്കൽറ്റികളിലെ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കൈകാര്യം ചെയ്യാൻ പറ്റുന്ന വിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിന്റെ മാതൃകകൾ യു.ജി.സി. സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചുള്ള കേന്ദ്ര നീതി ആയോഗ് വകുപ്പിന്റെ സമീപകാല റിപ്പോർട്ട് അനുസരിച്ച്, ഉന്നത വിദ്യാഭ്യാസത്തിനായി per youth ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.<br><br>സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള നാലുവർഷ ബിരുദ പ്രോഗ്രാമിൽ വിദ്യാർത്ഥികൾക്ക് (fast learners) പഠന കാലാവധി കുറച്ച്, ആവശ്യം വേണ്ട ക്രെഡിറ്റുകൾ കരസ്ഥമാക്കാനുള്ള N-1 സെമസ്റ്റർ രീതി വ്യവസ്ഥ ചെയ്യുന്നുണ്ട്.<br><br>ഇതിന് സമാനമായി ആക്സിലറേറ്റഡ് ഡിഗ്രി പ്രോഗ്രാമുകൾ (ADPs) എന്ന പേരിൽ നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് (NcrF) ന് കീഴിൽ സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രോട്ടോകോൾ (SOP) ആയി 2025 നവംബറിൽ ചേർന്ന യോഗത്തിൽ യു.ജി.സി അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ